# പാപത്തിൽ വീഴാനുള്ള മൂന്നു കാരണങ്ങൾ !

സാക് പുന്നൻ

WFTW 13 ജൂലൈ 2014

ആളുകൾ പാപത്തിൽ വീണുകൊണ്ടേയിരിക്കുന്നതിനുള്ള കാരണങ്ങളിൽ ഒന്ന് ഇതാണ്: അവരുടെ സ്വന്തം ജഡം, സ്വന്തം മാനുഷിക വ്യക്തിത്വം, അവർ ആയിരിക്കുന്ന മാനുഷികാവസ്ഥ, അവരുടെ മാനുഷിക ബലം ഇവയെല്ലാം ദൈവത്തിന്റെ ഹിതം നിറവേറ്റുന്നതിന് തീർത്തും ശക്തിഹീനമാണ് എന്ന് അവർ മനസ്സിലാക്കിയിട്ടില്ല എന്നതാണത്. നമുക്കു നമ്മുടെ സ്വന്തം ശക്തിയിൽ ഒരിക്കലും ഒരിക്കലും ഒരിക്കലും പാപത്തെ ജയിക്കുവാൻ കഴിയുകയില്ല.

ഏതളവിലുള്ള തീരുമാനങ്ങൾക്കും, സ്വയശിക്ഷണത്തിനും പാപത്തെ ജയിക്കുവാൻ കഴിയുകയില്ല. കാരണം, പാപം നിങ്ങളുടെ പ്രകൃതത്തിൽ അത്ര ആഴത്തിൽ വേരൂന്നിയിരിക്കുന്നു! അത് ഒരു പന്നിയെ വൃത്തിയായിരിക്കുവാൻ പരിശീലിപ്പിക്കുന്നതിന് ശ്രമിക്കുന്നതുപോലെയാണ്. അപ്പോൾ വിജയത്തിനെന്താണു സാധ്യത? അതിനെ ചാട്ട കൊണ്ടടിക്കുന്നതിലൂടെയും ഭക്ഷണം കൊടുക്കുന്നതിലൂടെയും, പ്രതിഫലം നൽകുന്നതിലൂടെയും ഒരു പന്നിയെ അല്പ നേരത്തേക്കു വൃത്തിയാക്കി നിർത്താൻ കഴിഞ്ഞേക്കാം. എന്നാൽ അതിനെ തനിയെ കുറച്ചു സമയത്തേക്കു വിടുക. അപ്പോൾ വീണ്ടും പന്നി അതിന്റെ യഥാർത്ഥ പ്രകൃതത്തിലേക്കു മടങ്ങി വരുന്നു; അത് അങ്ങനെയാണ്. സ്വയപ്രയത്നത്തിലൂടെയുള്ള ഇത്തരത്തിലുള്ള ജയം ഒരു വിജയമേ അല്ല. അതു കേവലം വ്യക്തിപരമായ സ്വയ ശിക്ഷണമാണ്. അതൊരു നല്ല കാര്യമാണ്. എന്നാൽ ദൈവം ദാനം ചെയ്യുന്ന ഒന്നല്ല. ഇവിടെ നാം നമ്മുടെ സ്വന്തജഡത്തിന്റെ ബലഹീനത തിരിച്ചറിയേണ്ട ആവശ്യമുണ്ട്, - നമ്മുടെ സ്വന്തം ബലഹീനത.

നിങ്ങൾ ഇതു മനസ്സിലാക്കിയാൽ, നിങ്ങൾ ചെയ്യുന്ന രണ്ടു കാര്യങ്ങൾ ഉണ്ടാകും. “ഒന്നാമത് നിങ്ങൾ പ്രലോഭനങ്ങളിൽ നിന്ന് അകലേക്ക് ഓടും. അപകടത്തിലേക്കു നിങ്ങളെ തന്നെ തുറന്നു വയ്ക്കുകയില്ല. പ്രലോഭനത്തിലേക്ക് തങ്ങളെത്തന്നെ തുറന്നു വയ്ക്കുന്ന ആളുകൾ ആരാണ്? തങ്ങളുടെ ബലഹീനത അറിയാത്തവരാണ്. തന്റെ തന്നെ ബലഹീനത അറിയുന്ന ഒരുവൻ ദൂരേക്ക് ഓടി മാറും. നാം ചെയ്യണമെന്നു വേദപുസ്തകം പറയുന്നതും അതു തന്നെയാണ് - യൌവ്വനമോഹങ്ങളെ വിട്ടോടുക; ദുർമാർഗ്ഗം വിട്ടോടുക. തിമൊഥയോസിനെപ്പോലെയുള്ള ദൈവഭക്തനായ ഒരു മനുഷ്യനോടുപോലും യൌവ്വനമോഹം വിട്ടോടുവാനും, ദ്രവ്യാഗ്രഹം വിട്ടോടുവാനും, വിഗ്രാഹാരാധന വിട്ടോടുവാനും, ദുർമാർഗ്ഗം വിട്ടോടുവാനും പൌലൊസ് പറഞ്ഞതായി ദൈവവചനം 2 തിമൊഥയോസ് രണ്ടാം അധ്യായത്തിൽ നമ്മോടു പറയന്നു. ഈ പ്രബോധനങ്ങളെല്ലാം നാം 1 തിമൊ. 6, 1 കൊരി. 10, 2 തിമൊ. 2 എന്നീ ഭാഗങ്ങളിൽ വായിക്കുന്നു. ഓടി രക്ഷപ്പെടുക, ഓടി രക്ഷപ്പെടുക, ഓടി രക്ഷപ്പെടുക, ദൂരേക്ക് ഓടി മാറുക... നാം ഏതു കൊണ്ടു ദൂരേക്ക് ഓടി മാറണം? കാരണം നാം ബലഹീനരാണെന്ന് നാം മനസ്സിലാക്കുന്നു. ഓടിമാറുക എന്ന ആ പ്രബോധനം മാത്രം അനുസരിച്ചാൽ തന്നെ നമുക്ക് അനേക പാപങ്ങളെ ജയിക്കാൻ കഴിയും. തന്റെ ജഡത്തിന്റെ ബലഹീനത തിരിച്ചറിയുന്ന ഒരു വ്യക്തി രണ്ടാമതു ചെയ്യുന്ന കാര്യം: അവൻ ആത്മാർത്ഥമായി ദൈവത്തോടു സഹായത്തിനായി പ്രാർത്ഥിക്കും. പ്രാർത്ഥന ബലഹീനതയുടെ ഒരടയാളമാണെന്ന് നിങ്ങൾ മനസ്സിലാക്കുക. സാധാരണയായി ആളുകൾ, ലൌകികരായ ആളുകൾ പോലും, എപ്പോഴാണു പ്രാർത്ഥിക്കുന്നത്? അവർ യഥാർത്ഥത്തിൽ ഒരു പ്രയാസത്തിലാകുമ്പോൾ, മറ്റാർക്കും അവരെ സഹായിക്കാൻ കഴിയാതാകുമ്പോഴാണ് പ്രാർത്ഥിക്കുന്നത്. യേശു നമ്മെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ച കാര്യങ്ങളിൽ ഒന്ന്, ‘പരീക്ഷയിൽ ഞങ്ങളെ പ്രവേശിപ്പിക്കരുതേ’ എന്നാണ്. എന്തുകൊണ്ടാണു നാം ആ പ്രാർത്ഥന പ്രാർത്ഥിക്കുന്നത്? കാരണം നമ്മുടെ ജഡം ബലഹീനമാണെന്ന് നമുക്കു ബോധ്യപ്പെട്ടിരിക്കുന്നു.

തിമൊഥയോസിനെപ്പോലെ ക്രിസ്തീയ ജീവിതത്തിൽ ഇത്രയധികം മുന്നേറിയ ഒരാൾ യൌവ്വനമോഹങ്ങൾ മൂലമുള്ള അപകടത്തിലാകില്ല എന്നു ചിലർ ചിന്തിച്ചേക്കാം. എന്നാൽ അദ്ദേഹത്തിനു പോലും അതിനെ വിട്ടോടി മാറേണ്ടിയ ഒരു ആവശ്യമുണ്ടായിരുന്നു. ഇപ്പോൾ നാം നമ്മുടെ ബലഹീനത മനസ്സിലാക്കുമെങ്കിൽ, നാം പ്രലോഭനങ്ങളിൽ നിന്ന് ഓടി മാറുവാൻ ആഗ്രഹിക്കുക മാത്രമല്ല "കർത്താവേ, ദയയുണ്ടായി എന്നെ സഹായിക്കണമേ, ഈ ബലഹീനത തരണം ചെയ്യുവാനുള്ള ശക്തി എനിക്കു തരണമേ'' എന്നു പ്രാർത്ഥിക്കുകയും ചെയ്യും. പാപത്തിന്റെ ഗൌരവം നാം കാണേണ്ടത് ആവശ്യമായിരിക്കുന്നതുപോലെ, നാം നമ്മുടെ ജഡത്തിന്റെ ബലഹീനതയും കാണേണ്ടതുണ്ട്. വചനത്തിൽ ഉള്ള അത്ഭുത സത്യങ്ങളിൽ ഒന്ന് എബ്രായർ 4:15ൽ നാം വായിക്കുന്നു - അതു യേശുക്രിസ്തു സകലത്തിലും നമ്മെപ്പോലെ പ്രലോഭിപ്പിക്കപ്പെട്ടു എന്നതാണ്. അവിടുന്ന് ഈ ഭൂമിയിൽ ജീവിച്ചതു പ്രലോഭിപ്പിക്കപ്പെടാതെയല്ല. മത്തായി 4ൽ കുറഞ്ഞപക്ഷം മൂന്നു മേഖലകളിലെങ്കിലും അവൻ എങ്ങനെയാണു പരീക്ഷിക്കപ്പെട്ടത് എന്നതിന്റെ വളരെ വ്യക്തമായ ഒരു വിശദീകരണം നമുക്കു നൽകപ്പെട്ടിരിക്കുന്നു. എന്നാൽ എബ്രാ. 4:15ൽ നമ്മോടു പറയുന്നത് അവൻ നമ്മെപ്പോലെ തന്നെ സകലത്തിലും പരീക്ഷിക്കപ്പെട്ടു; എങ്കിലും അവൻ ഒരിക്കലും പാപം ചെയ്തില്ല എന്നാണ്. അവൻ എങ്ങനെയാണ് ഒരിക്കലും പാപം ചെയ്യാതിരുന്നത്? അവനു സ്വയമേ പാപം ചെയ്യാൻ കഴിയാതിരുന്നതുകൊണ്ടാണോ അങ്ങനെയായത്? നമുക്കു യേശുവിന്റെ പ്രകൃതത്തിലേക്കു ചുഴിഞ്ഞു പരിശോധിക്കേണ്ട ആവശ്യമില്ല. അങ്ങനെ ചെയ്യാതിരിക്കുന്നതാണ് ഉചിതം. അവിടുത്തെ ആന്തരിക പ്രകൃതത്തിൽ നമുക്കു മനസ്സിലാക്കാൻ കഴിയാത്ത വളരെയധികം കാര്യങ്ങളുണ്ട്. നമ്മുടെ സ്വന്തം ആന്തരീക പ്രകൃതത്തിലും നമുക്കു മനസ്സിലാക്കാൻ കഴിയാത്ത വളരെ കാര്യങ്ങളുണ്ട്. മനശാസ്ത്രജ്ഞന്മാർ വളരെയധികം ശ്രമിച്ചിട്ടും ഇപ്പോഴും മാനുഷിക വ്യക്തിത്വത്തെക്കുറിച്ച് എല്ലാ കാര്യങ്ങളും അവർക്കറിയില്ല. യേശുവിന്റെ ഉള്ളിൽ എന്താണു നടന്നതെന്ന് അറിയുവാൻ ശ്രമിക്കുന്നതും അതിന്റെ അളവു കൃത്യമായി കണ്ടുപിടിക്കുന്നതും അസാധ്യമായ കാര്യമാണ്. അതിനു മുതിരുകപോലും ചെയ്യേണ്ട ആവശ്യം നമുക്കില്ല. എന്നാൽ ഒരു കാര്യം നമുക്കറിയാം; യേശു പ്രാർത്ഥിച്ചു. യേശുവിന് എന്തുകൊണ്ടു പ്രാർത്ഥിക്കേണ്ടി വന്നു? നിങ്ങൾക്കറിയാം, നമ്മളിൽ തന്നെ നമുക്കു കൂടുതൽ ശക്തി തോന്നുമ്പോൾ നാം വളരെ കുറച്ചു മാത്രമേ പ്രാർത്ഥിക്കുകയുള്ളു. നാം എത്ര കുടുതൽ കഴിവുള്ളവരാണെന്ന് ചിന്തിക്കുന്നുവോ അത്ര കുറച്ചു മാത്രമേ നാം പ്രാർത്ഥിക്കുകയുള്ളു. എല്ലാ കാര്യങ്ങൾക്കും വേണ്ടി - പരിജ്ഞാനം, ശക്തി, മാർഗ്ഗനിർദ്ദേശം ഇവയ്ക്കെല്ലാം വേണ്ടി - പിതാവിന്മേലുള്ള തന്റെ നിസ്സഹായ ആശ്രയത്വം മനസ്സിലാക്കിയ ഒരാളാണ് പ്രാർത്ഥിക്കുന്നവൻ. "അതെ, കൊള്ളാം, അതെല്ലാം എനിക്കു തന്നെ കൈകാര്യം ചെയ്യാൻ കഴിയും. എനിക്കു ദൈവത്തിന്റെ സഹായം ആവശ്യമില്ല, എനിക്ക് തിരഞ്ഞെടുക്കുവാൻ കഴിയും, കാര്യങ്ങളുടെ ആപേക്ഷിക പ്രാധാന്യം അളുക്കുവാനും തീരുമാനങ്ങളെടുക്കുവാനും എനിക്കു കഴിയും.'' എന്നീ തോന്നലുകൾ ഉള്ള ഒരുവൻ പ്രാർത്ഥിക്കുകയില്ല.

എന്നാൽ യേശു പ്രാർത്ഥിച്ചു. അവിടുന്നു തന്റെ 12 അപ്പൊസ്തലന്മാരെ തിരഞ്ഞെടുക്കുന്നതിനു മുന്പ് ഒരു രാത്രി മുഴുവൻ പ്രാർത്ഥിച്ചു. ഒരു അബദ്ധം കാണിക്കുവാൻ അവിടുത്തേക്കിഷ്ടമില്ലായിരുന്നു. ഇവിടെ ഈ കാര്യങ്ങളെല്ലാം സൂചിപ്പിക്കുന്നത് യേശു പിതാവിൽ നിന്ന് പ്രാർത്ഥനയിലൂടെ ശക്തി നേടിയിരുന്നു എന്നാണ്. നമുക്ക് അതു ലഭിക്കാത്തതിന്റെ കാരണം ഒന്നുകിൽ നാം അത്രമാത്രം പ്രാർത്ഥിക്കുന്നില്ല അല്ലെങ്കിൽ നാം അത്ര ആത്മാർത്ഥതയോടെ പ്രാർത്ഥിക്കുന്നില്ല. എബ്രായർ 5ൽ നമ്മോടു പറഞ്ഞിരിക്കുന്നത്, "യേശു ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ പ്രാർത്ഥിച്ചു'' എന്നാണ്. അതൊന്നു സങ്കല്പിച്ചു നോക്കൂ, ഈ ഭൂമിയിൽ നടന്നതിൽ വച്ച് ഏറ്റവും പരിപൂർണ്ണ മനുഷ്യനായ യേശുക്രിസ്തുവിനെക്കുറിച്ച്, അവൻ ഉറച്ച നിലവിളിയോടും കണ്ണുനീരോടും പ്രാർത്ഥിക്കുന്നത് നിങ്ങളുടെ മനസ്സിൽ ചിത്രീകരിക്കുവാൻ നിങ്ങൾക്കു കഴിയുമോ? നിങ്ങൾ ഉറച്ച നിലവിളിയോടും കണ്ണുനീരോടും പ്രാർത്ഥിച്ച അവസാന സമയം എപ്പോഴാണ്? എന്തുകൊണ്ടാണീ വ്യത്യാസം? യേശുവിനു പ്രാർത്ഥിക്കേണ്ട ആവശ്യത്തെക്കാൾ കൂടുതൽ എനിക്കും നിങ്ങൾക്കും പ്രാർത്ഥിക്കേണ്ട ആവശ്യമുണ്ട് എന്നു നിങ്ങൾ ചിന്തിക്കുന്നില്ലേ? അവിടുന്നു നിത്യത മുതൽ പിതാവിന്റെ സാന്നിധ്യത്തിൽ ജീവിച്ചിട്ടുള്ളവനാണ്. അവിടുത്തേക്ക്

എനിക്കും നിനക്കും ഉള്ളതുപോലെ ഒരു പാപപ്രകൃതമുണ്ടായിരുന്നില്ല. എന്നിട്ടും അവിടുന്നു പ്രാർത്ഥിച്ചു! നാം എത്രയധികം പ്രാർത്ഥിക്കേണ്ട ആവശ്യമുണ്ട്!

നോക്കൂ: യഥാർത്ഥ താഴ്മ എന്നത് നമ്മുടെ ജഡത്തിന്റെ ബലഹീനത തിരിച്ചറിയുന്നതാണ്. നാം എല്ലാവരും ബലഹീനരാണ്. എന്നാൽ നാം എല്ലാവരും നമ്മുടെ ബലഹീനതയെക്കുറിച്ച് ഒരുപോലെ ബോധവാന്മാരല്ല. തന്റെ ബലഹീനതയെ പറ്റി ബോധവാനായ ഒരുവൻ, അപകടം കാണുമ്പോൾ അതിൽ നിന്നു ദൂരത്തേക്ക് ഓടി മാറുകയും സഹായത്തിനായി കരയുകയും ചെയ്യും. ആയതിനാൽ അനേകരും വീഴുന്നതിനുള്ള ഒന്നാമത്തെ കാരണം ഇതാണ്: അവർ പ്രലോഭനത്തിൽ നിന്ന് ഓടിമാറുന്നില്ല. അവർ വിവേകരഹിതമായി തങ്ങളെത്തന്നെ പ്രലോഭനത്തിലേക്കു തുറന്നു വയ്ക്കുന്നു. കൂടാതെ അവർ സഹായത്തിനായി കരയുന്നുമില്ല.

അനേകർ പാപത്തിൽ വീഴുന്നതിനുള്ള മറ്റൊരു കാരണം ഞാൻ പറയട്ടെ. 1 പത്രൊ. 4 ഒന്നും രണ്ടും വാക്യങ്ങളിൽ പറയുന്നത് യേശു ജഡത്തിൽ കഷ്ടമനുഭവിച്ചതുപോലെ നാമും ജഡത്തിൽ കഷ്ടമനുഭവിക്കാനുള്ള മനസ്സുകൊണ്ടു നാം നമ്മെത്തന്നെ ആയുധം ധരിപ്പിക്കണം എന്നാണ്. കാരണം നാം ജഡത്തിൽ കഷ്ടം അനുഭവിച്ചാൽ നാം പാപം ചെയ്യുന്നതു നിർത്തും എന്നാണ് അവിടെ പറയുന്നത്. ഇപ്പോൾ അതു മനസ്സിലാക്കാൻ എളുപ്പമുള്ള ഒരു വാക്യമല്ല. ശാരീരികമായ കഷ്ടങ്ങളെക്കുറിച്ചല്ല അതു പറയുന്നത്. കാരണം ശാരീരികമായ കഷ്ടം അനുഭവിക്കുന്നവരാരും പാപം വിട്ടൊഴിയുന്നില്ല. അല്ലെങ്കിൽ ആശുപത്രികൾ എല്ലാം പാപം വിട്ടൊഴിഞ്ഞ ആളുകളെക്കൊണ്ടു നിറയുമായിരുന്നു. അതുകൊണ്ട് അതു വ്യക്തമായും ശാരീരിക കഷ്ടങ്ങളെയല്ല സൂചിപ്പിച്ചിരിക്കുന്നത്. "ക്രിസ്തു ജഡത്തിൽ കഷ്ടമനുഭിച്ചതുകൊണ്ടു നിങ്ങളും ആ ഭാവം തന്നെ ആയുധമായി ധരിപ്പിൻ'' എന്നു പറയുമ്പോൾ അതെന്താണ് അർത്ഥമാക്കുന്നത്? - 1 പത്രൊ. 4 ഒന്നും രണ്ടും വാക്യങ്ങൾ - "ജഡത്തിൽ കഷ്ടമനുഭവിച്ചവൻ ജഡത്തിൽ ശേഷിച്ചിരിക്കുംകാലം ഇനി മനുഷ്യരുടെ മോഹങ്ങൾക്കല്ല ദൈവത്തിന്റെ ഇഷ്ടത്തതിനത്രേ ജീവിക്കേണ്ടതിന് പാപം വിട്ടൊഴിഞ്ഞിരിക്കുന്നു. അതു സൂചിപ്പിക്കുന്നത്, പാപകരമായ ഒരൊറ്റ ചിന്തയിൽനിന്നുപോലും ലഭിക്കുന്ന ഏറ്റവും ചെറിയ ആനന്ദം അനുഭവിക്കുന്നതിനെക്കാളും സ്വയനിഷേധത്തിലൂടെയുള്ള കഷ്ടം അനുഭവിക്കാനുള്ള മനസ്സിന്റെ ഭാവത്തെയാണ്. നാം പ്രലോഭിപ്പിക്കപ്പെടുമ്പോൾ നമുക്കെല്ലാവർക്കും ഒന്നുകിൽ അതിനു വഴങ്ങി അതിൽനിന്ന് അല്പം ആനന്ദം ലഭിക്കുവാനുള്ള അവസരം ഉണ്ടാകുന്നു. അതാണ് ഇവിടെ എടുത്തു പറഞ്ഞിരിക്കുന്ന കഷ്ടത. വീണ്ടും അവിടെ പറയുന്നത്, പ്രലോഭിപ്പിക്കപ്പെടുന്നതിനു മുമ്പു പോരാട്ടത്തിനു വേണ്ടിയുള്ള ആയുധം നിങ്ങൾ ധരിക്കണം. മറ്റു വാക്കുകളിൽ പറഞ്ഞാൽ, നിങ്ങൾ മനസ്സിന്റെ ഈ ഭാവം കൊണ്ടുള്ള ആയുധം ധരിക്കണം. അതു പറയുന്നത് 'ഒരു നിമിഷത്തേക്കുപോലും പാപത്തിന്റെ ആനന്ദം ആസ്വദിക്കുന്നതിനെക്കാൾ കഷ്ടത സഹിക്കുന്നത് ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നു' എന്നാണ്. യേശുവിനെക്കുറിച്ചു പറയുന്നത്, അവിടുന്നു മരണത്തോളം അനുസരണമുള്ളവനായിരുന്നു. മരണത്തോളം തന്നെ. അത് അർത്ഥമാക്കുന്നത്, പാപം ചെയ്യുന്നതിനെക്കാൾ താൻ മരിക്കട്ടെ എന്ന മനോഭാവമായിരുന്നു യേശുവിന്റേത്. ഇപ്പോൾ അതു വളരെ പൂർണ്ണമായ ഒരു മനോഭാവമാണ്; ഏറ്റവും ചെറിയ കാര്യങ്ങളിൽ പോലും പിതാവിനെ അനുസരിക്കാതിരിക്കുന്നതിനേക്കാൾ 'ഞാൻ മരിക്കട്ടെ.' അതാണ് ഫിലിപ്യർ 2:8-ന്റെ അർത്ഥം. അവൻ ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിരുന്നു. അവൻ നമ്മെ അവന്റെ കാൽച്ചുവട്, അതായത് ദൈവത്തെ അപ്രീതിപ്പെടുത്തുന്നതിനെക്കാൾ കഷ്ടത സഹിക്കുവാൻ മനസ്സുള്ളവനായിരിക്കുന്നത്, പിൻതുടരുവാൻ വിളിക്കുന്നു.

അനേകം ക്രിസ്ത്യാനികളും ആത്മീയമായി പുരോഗമിക്കാതിരിക്കുകയും വീഴുകയും ചെയ്യുന്നതിന് ഒരു കാരണം കൂടി ഉണ്ട്. അത് അവർ പൂർണ്ണതയിലേക്ക് ആയുന്ന കാര്യം അന്വേഷിക്കുന്നില്ല എന്നതാണ്. ഇതുവരെ അവർക്കുണ്ടായ പുരോഗതിയിൽ അവർ തൃപ്തരാണ്. നിങ്ങൾ രണ്ടാം സ്റ്റാൻഡേർഡു കൊണ്ടു തൃപ്തരാണെങ്കിൽ നിങ്ങൾ ഒരിക്കലും മൂന്നാം സ്റ്റാൻഡേർഡിൽ പ്രവേശിക്കുകയില്ല. അതു തീർച്ചയാണ്. കാരണം ഒന്നാം സ്റ്റാൻഡേർഡിലും, കിന്റർ ഗാർട്ടനിലും പഠിക്കുന്നവരെക്കാൾ നിങ്ങൾ മെച്ചമാണെന്ന് നിങ്ങൾക്കു തോന്നും. എന്നാൽ മുന്നോട്ട് ആയുവൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ, നിങ്ങൾ പറയും: "കൊള്ളാം, ഞാൻ ചില കാര്യങ്ങളുടെമേൽ

ജയിച്ചിട്ടുണ്ട്. എന്നാൽ എനിക്കു കുറച്ചുകൂടി നേടണം.'' ഫിലിപ്യ 3:13-14ൽ പൌലൊസ് പറയുന്ന ആ സ്ഥാനത്തേക്ക് എനിക്കു മുന്നേറണം. '... ഒന്നു ഞാൻ ചെയ്യുന്നു, പിമ്പിലുള്ളത് മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു.' അതായത്, നമ്മുടെ വ്യക്തിത്വത്തിന്റെ ഓരോ ഭാഗത്തിലും മുഴുവനായി യേശുവിനെപ്പോലെ ആയിത്തീരുന്ന ആ ലക്ഷ്യം. പൌലൊസിന് ഈ മനോഭാവം ഉണ്ടായിരുന്നതുകൊണ്ട് എന്തായിരുന്നു ഫലം? അത് അവനെ ക്രിസ്തീയ ജീവിതത്തിൽ മന്ദീഭവിച്ചു പോകാതെ സൂക്ഷിച്ചു എന്നു മാത്രമല്ല, അത് അവനെ പാപത്തിൽ നിന്നും സൂക്ഷിച്ചു. പൌലൊസ് തിമൊഥയോസിനോടു പറഞ്ഞത് പ്രലോഭനങ്ങളിൽ നിന്ന് വിട്ടോടാൻ മാത്രമല്ല. എന്നാൽ നീതി, ദൈവഭക്തി, സ്നേഹം, സൌമ്യത ഇവയെ പിൻതുടരാനും കൂടിയാണ്.

ക്രിസ്തീയ ജീവിതത്തിൽ ഏതെങ്കിലും സ്ഥാനത്തു വച്ചു നമ്മുടെ പുരോഗതിയിൽ നാം തൃപ്തരാകുന്നു എങ്കിൽ അത് ഒരു അപകട സ്ഥാനമാണ്. അതു നാം പാപത്തിൽ വീഴാൻ പോകുന്ന സമയമാണ്. തന്നെയുമല്ല അപ്പോഴാണ് നാം നമ്മോടു തന്നെ ചോദിക്കേണ്ടത് ഞാൻ പുരോഗമിക്കുന്നുണ്ടോ? ഞാൻ എല്ലാ മേഖലകളിലും യേശുവിനെപ്പോലെ ആയിത്തീരുവാൻ ആഗ്രഹിക്കുന്നുണ്ടോ? ക്രിസ്തുതുല്യമല്ലാത്ത എന്തെങ്കിലും എന്റെ ജീവിതത്തിൽ കാണുന്ന ഓരോ സമയത്തും ഞാൻ വിലപിക്കുന്നുണ്ടോ? ഞാൻ ദൈവത്തോടു നിലവിളിച്ചു 'കർത്താവേ എനിക്കു വിശ്വാസമുണ്ട് എന്നു പറയാറുണ്ടോ? എന്റെ സ്നേഹിതാ, നിങ്ങളുടെ ജീവിതത്തിൽ ക്രിസ്തുതുല്യമല്ലാത്ത ചില കാര്യങ്ങൾ കാണുന്ന ഓരോ സമയത്തും വിലപിക്കുവാൻ ഇന്നു തന്നെ തുടങ്ങുക. ദൈവത്തോടു സഹായത്തിനായി നിലവിളിക്കുക. എന്നിട്ട്, ഈ ദിവസം തന്നെ നിന്റെ ജീവിതം വ്യത്യാസപ്പെടുന്നില്ലേ എന്ന് നോക്കുക.